**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ, 23.01.2019-ൽ ചേർന്ന, 6-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ്.**

യോഗം ഡോ. വിശ്വാസ് മേത്ത, ഐ.എ.എസ്., അഡീഷണൽ ചീഫ് സെക്രട്ടറി (ജലവിഭവവകുപ്പ്) കേരള സർക്കാർ, & ചെയർമാൻ, ഗവേർണിംഗ് ബോഡിയുടെ അദ്ധ്യക്ഷതയിൽ 3.40-ന് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ ഹാജർനില അന്യത്ര **ചേർത്തിട്ടുണ്ട്**

ഗവേർണിംഗ് ബോഡി അംഗങ്ങളുടെ പരിചയപ്പെടലിനെ തുടർന്ന് യോഗ നടപടികൾ അപ്രകാരം ആരംഭിച്ചു. ചർച്ചകളിലൂടെ യോഗത്തിൽ കൈക്കൊ പ്രധാന തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. സോഷ്യൽ ഓഡിറ്റ് സ്റ്റാൻഡേർഡ്സിന്റെ മലയാള പരിഭാഷയുടെ ഒരു പകർപ്പ് ഗവേർണിംഗ് ബോഡി അംഗം ഡോ. എൻ. രമാകാന്തന് നൽകുന്നതിനും അദ്ദേഹത്തിന്റെ പരിശോധനയോടു കൂടി ഒരാഴ്ചയ്ക്കുള്ളിൽ, നടപടിക്രമങ്ങൾ പൂർത്തീകരിച്ച്, അച്ചടിക്കുന്നതിനും തീരുമാനിച്ചു. ഇതിൽ ബഹു. ത.സ്വ.ഭ.വ.വകുപ്പ് മന്ത്രിയുടെയും ഗവേർണിംഗ് ബോഡി ചെയർമാന്റെയും സന്ദേശങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചു.

2. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അസോസിയേഷൻ ഭാരവാഹികൾക്കായി ജനുവരി 27,28 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നടത്തുവാൻ ആലോചിച്ചിരുന്ന ശിൽപ്പശാല, ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ സൗകര്യാർത്ഥം മറ്റൊരു തീയതിയിൽ ഗവേർണിംഗ് ബോഡി അംഗങ്ങളെ ക്കൂടി ഉൾപ്പെടുത്തികൊ്, സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചു.

3. TIME and Motion Study-യുടെ അടിസ്ഥാനത്തിലുള്ള സർക്കാർ ഉത്തരവ് ഫെബ്രുവരി 5-ന് ചേരുന്ന സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ (SEGC) യോഗത്തിന്റെ ശ്രദ്ധയിൽ കൊ് വരുന്നതിന് SEGC അംഗം കൂടിയായ വൈസ് ചെയർമാനെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

4. ജില്ല-ബ്ലോക്ക് റിസ്സോഴ്സ് പേഴ്സൺമാർക്കായി പരസ്യം നൽകുകയും ടെസ്റ്റിന്റെയും മുഖാമുഖത്തിന്റെയും അടിസ്ഥാനത്തിൽ എല്ലാജില്ലകളിലും, 54 ബ്ലോക്കുകളിലും റിസ്സോഴ് പേഴ്സൺമാരെ, പരിശീലനത്തിനുശേഷം വിന്യസിച്ചിട്ടുള്ളതായി ഡയറക്ടർ അറിയിച്ചു. ബാക്കിയുള്ള ബ്ലോക്ക് റിസ്സോഴ്സ് പേഴ്സൺമാരെ, എത്രയും പെട്ടെന്ന് പുതുതായി പരസ്യം നൽകി, തെരഞ്ഞെടുത്ത് നിയമിക്കുവാനും തീരുമാനിച്ചു. ഇതിനായി നിലവിലുള്ള 54 ബ്ലോക്ക് റിസ്സോഴ്സ്പേഴ്സൺമാർക്ക് പുറമേ ഒരു ബ്ലോക്കിൽ ഒരു റിസ്സോഴ്സ്പേഴ്സൺ എന്ന കണക്കിനും പുതുതായി റിസ്സോഴ്സ് പേഴ്സൺമാരെ നിയമിക്കുന്നതിന് തീരുമാനിച്ചു.

4.1 ഇതിനായി പത്രദ്വാരാ (മലയാളമനോരമ,ദേശാഭിമാനി&മാതൃഭൂമി ) പരസ്യം നൽകുന്നതിനും, ബ്ലോക്ക് റിസ്സോഴ്സ് പേഴ്സൺമാരുടെ കുറഞ്ഞ വിദ്യാഭ്യാസയോഗ്യത ഡിഗ്രിതലമായും നിജപ്പെടുത്തുന്നതിനും തീരുമാനിച്ചു.

4.2 ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ അപേക്ഷയിന്മേൽ കഴിഞ്ഞ തവണ സ്വീകരിച്ച അതേ സുതാര്യമായ നടപടിക്രമങ്ങൾ തന്നെ, കോടതി കേസുകളും പരാതികളും ഒഴിവാക്കുന്നതിനായി, പിൻതുടരണമെന്ന് തീരുമാനിച്ചു

4.3 വില്ലേജ് റിസോഴ്സ്പേഴ്സൺമാരുടെ കാര്യത്തിൽ ജില്ലാതലത്തിൽ പരീക്ഷയും മുഖാമുഖവും നടത്തി സുതാര്യമായ രീതിയിൽ തെരഞ്ഞെടുപ്പ് നടത്തുവാൻ തീരുമാനിച്ചു. ഇതിനായുള്ള ഒരു പ്രൊപ്പോസൽ ഡയറക്ടർ അംഗീകാരത്തിനായി സമർപ്പിക്കണമെന്നും തീരുമാനിച്ചു

5. ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഒരു അക്കൗസ് ഓഫീസർ, ഒരു ക്ലാർക്ക് കം അക്കൗണ്ട്, ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്റർ/ക്ലാർക്ക്, ഒരു പാർട്ട് ടൈം സ്വീപ്പർ, ഒരു സ്റ്റേറ്റ് എം.ഐ.എസ്.ഓഫീസർ, എന്നീ തസ്തികയിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പിൻതുടരുന്ന യോഗ്യതാമാനദണ്ഡങ്ങൾക്ക് അനുസൃതമായി അപേക്ഷ ക്ഷണിക്കുന്നതിനും, സോഷ്യൽ ഓഡിറ്റ് യൂണിറ്റ് തലത്തിൽ ചുരുക്കപ്പട്ടിക തയ്യാറാക്കി ഗവേർണിംഗ് ബോഡി അംഗീകാരത്തോടെ നിയമിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുന്നതിനും തീരുമാനിച്ചു. ഈ നടപടി ക്രമത്തിനുകാലതാമസം നേരിടുന്ന പക്ഷം നേരിട്ട് എംപ്ലോയ്മെന്റ് എക്സേഞ്ചിൽ നിന്നും യോഗ്യരായ ഉദ്യോഗാർത്ഥികളുടെ പട്ടിക വാങ്ങി നടപടി സ്വീകരിക്കാവുന്നതാണെന്നും തീരുമാനിച്ചു.

6.ബഹു.തദ്ദേശവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി/അഡീഷണൽ ചീഫ് സെക്രട്ടറിയെ ഗവേർണിംഗ് ബോഡിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചത് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച "മാസ്റ്റർ സർക്കുലർ 2018-2019" പ്രകാരം ഗവേർണിംഗ് ബോഡിയിൽ ഉായിരിക്കേ ഒരംഗം എന്ന നിലയിലാണെന്ന് ഡയറക്ടർ വിശദീകരിച്ചു. ഇപ്പോൾ ഒരു അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി ഉള്ളതിനാലും ത.സ്വ.ഭ.വ.വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, തിരക്കുമൂലം SEGC അടക്കമുള്ള കമ്മിറ്റികളിൽ പങ്കെടുക്കാൻ സമയം കിട്ടാൻ ബുദ്ധിമുട്ടുന്നതിനാൽ, തൽക്കാലം അദ്ദേഹത്തെ ഗവേർണിംഗ് ബോഡിയിൽ ഉൾപ്പെടുത്തേതുാേയെന്ന് അംഗങ്ങൾ സംശയം പ്രകടിപ്പിച്ചു. തുടർന്ന്, ടി വിഷയത്തിലെ തീരുമാനം നീട്ടിവയ്ക്കാൻ തീരുമാനിച്ചു.

7. സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റിയ വകയിൽ കോസ്റ്റ് ഫോഡിന് തുക നൽകിയ നടപടി അംഗീകരിക്കുകയും ഇനി ക്ലെയിം വരുന്ന മുറയ്ക്ക് തുടർന്നുള്ള തുക നൽകുന്നതിനും ഡയറക്ടറെ ചുമതലപ്പെടുത്തി.

7.1 നിലവിൽ, ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ മുകളിൽ 3-ാം നിലയിൽ ഏറ്റെടുത്ത ഹാളിലേക്ക് ആവശ്യമായ ഫർണിച്ചറും ഫാനും ഉൾപ്പടെയുള്ള അനുബന്ധ സൗകര്യങ്ങൾ സജ്ജമാക്കുന്നതിനും ഡയറക്ടറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

8. സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ 19.01.2019 വരെയുള്ള വരവ് ചിലവ് കണക്കുകൾ അംഗീകരിച്ചു. ഭാവിയിൽ,വരവ്-ചെലവ് കണക്ക്, സ്റ്റേറ്റ്മെന്റ് രൂപത്തിൽ അജയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങേതാണെന്ന് തീരുമാനിച്ചു.

9. വരവ് -ചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിനായി താല്പര്യമുള്ള ചാർട്ടേഡ് അക്കൗന്റ്മാരുടെ ഒരുപാനൽ അക്കൗന്റെ ജനറലിന്റെ ഓഫീസിൽ നിന്നും സ്വീകരിച്ച്, അതിൽ നിന്നും ഒരു ആളിനെ (സ്ഥാപനത്തിനെ) തെരഞ്ഞെടുത്ത് ചുമതല ഏൽപിക്കുന്നതിന് ചെയർമാനെയും ഡയറക്ടറെയും ചുമതലപ്പെടുത്തി തീരുമാനിച്ചു.

10. ഇപ്പോൾ, ലഭ്യമായ ഫിന്റെ 60% ചെലവ് രേഖപ്പെടുത്തിയാലുടൻ, തുടർഫ് വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി.

11. സോഷ്യൽ ഡവലപ്പ്മെന്റ് സ്പെഷ്യലിസ്റ്റ്, ശ്രീ.ഇ.ശ്രീകുമാർ&സോഷ്യൽഓഡിറ്റ് എക്സ്പെർട്ട്,ശ്രീ. ജോർജ്ജ്ജേക്കബ് എന്നിവരുടെ സേവനകാലാവധി ഒരു വർഷം കൂടി പുതുക്കി നൽകിയ നടപടി സാധൂകരിച്ചു.

12. ബ്ലോക്ക് തലം വരെയുള്ള റിസ്സോഴ്സ് പേഴ്സൺമാർക്ക് ലാപ്ടോപ്പ് വാങ്ങുന്നതിന് പരമാവധി രൂപ.25,000/- (ഇരുപത്തിയ്യായിരം രൂപ), കരാറിന്റെ അടിസ്ഥാനത്തിലും ഒരു ബ്ലാങ്ക് ചെക്ക് ഒപ്പിട്ട് വാങ്ങിയതിന്റെ അടിസ്ഥാനത്തിലും, 10 മാസം തുല്ല്യഗഡുകളായി തിരിച്ച് പിടിയ്ക്കുന്ന വ്യവസ്ഥയിന്മേൽ അനുവദിക്കുന്നതിന് തീരുമാനിച്ചു.

13. എല്ലാറിസ്സോഴ്സ് പേഴ്സൺമാർക്കും പ്രതിമാസം രൂപ. 250/- എന്ന നിരക്കിൽ ടെലഫോൺ അലവൻസ് വേതനത്തോടൊപ്പം അനുവദിക്കുന്നതിന് തീരുമാനിച്ചു.

14. ആശ്രയാപദ്ധതിയുടെ സോഷ്യൽ ഓഡിറ്റിനുവേ മാർഗ്ഗനിർദ്ദേശങ്ങളും/സഹായങ്ങളും സോഷ്യൽ ഓഡിറ്റ് യൂണിറ്റ് നൽകണമെന്ന കുടുംബശ്രീ പ്രതിനിധിയുടെ അഭ്യർത്ഥന അംഗീകരിക്കുകയും തുടർനടപടി സ്വീകരിക്കുന്നതിനും സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ഡയറക്ടറെ ചുമതലപ്പെടുത്തി.

15. സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ ഒരു ആനുവൽ ആക്ഷൻ പ്ലാനും ബഡ്ജറ്റും ഡോ.എൻ. രമാകാന്തനുമായി ആലോചിച്ച് അടുത്ത ഗവേർണിംഗ് ബോഡിയിൽ അവതരിപ്പിക്കുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

16. സോഷ്യൽ ഓഡിറ്റ് യൂണിറ്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്ന കാര്യത്തിൽ ഡയറക്ടറും സംഘവും കാണിക്കുന്ന ആത്മാർത്ഥമായ ശ്രമങ്ങൾ അഭിനന്ദനാർഹമാണെന്ന് ചെയർമാൻ അഭിപ്രായപ്പെടുകയും, ടി കാര്യം മിനിട്ട്സിൽ രേഖപ്പെടുത്തണമെന്നും നിർദ്ദേശിച്ച ഇതിനോട് മറ്റ് അംഗങ്ങൾ യോജിക്കുകയും ഡയറക്ടർ സോഷ്യൽ ഓഡിറ്റിൽ അറിവും പ്രതിബദ്ധതയുമുള്ള വ്യക്തിയാണെന്ന് കൂടി ചേർക്കുകയും ചെയ്തു.

യോഗം 4.45-ന് അവസാനിച്ചു.

20/1/19

ഡയറക്ടർ
സോഷ്യൽ ഓഡിറ്റ് യൂണിറ്റ്,കേരള
കൺവീനർ, ഗവേർണിംഗ് ബോഡി

ഡോ. വിശ്വാസ് മേത്ത,ഐ.എ.എസ്
സെക്രട്ടറി, ജലവിഭവവകുപ്പ്
&
ചെയർപേഴ്സൺ,
ഗവേർണിംഗ് ബോഡി, എസ്.എ.യു.

Dr. VISHWAS MEHTA IAS
Additional Chief Secretary
Water Resources and Housing Dept.
Govt. Secretariat, Tvpm, Kerala.

ഹാജർനില

1. ഡോ. വിശ്വാസ് മേത്ത, ഐ.എ.എസ്.,(അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവവകുപ്പ്)
2. ശ്രീ. എസ്.രാജേന്ദ്രൻ, വൈസ് ചെയർപേഴ്സൺ, ഗവേർണിംഗ് ബോഡി
3. ശ്രീമതി. പി. തങ്കം ടീച്ചർ, മെമ്പർ ഗവേർണിംഗ് ബോഡി.
4. ശ്രീ.സി.കെ.ഹരീന്ദ്രൻ, എം.എൽ.എ., മെമ്പർ ഗവേർണിംഗ് ബോഡി
5. ശ്രീ.ചെങ്ങറ സുരേന്ദ്രൻ, എക്സ്.എം.പി., മെമ്പർ ഗവേർണിംഗ് ബോഡി
6. ഡോ. എൻ. രമാകാന്തൻ, മെമ്പർ ഗവേർണിംഗ് ബോഡി
7. ശ്രീമതി. ജലജ.എസ്., അസിസ്റ്റന്റ് ഡയറക്ടർ സോഷ്യൽ ജസ്റ്റീസ് ഡയറക്ടറേറ്റ്
8. ശ്രീമതി. അമൃത. ജി.എസ്.,പ്രോഗ്രാം ഓഫീസർ , കുടുംബശ്രീ.
9. ഡോ. എബിജോർജ്ജ്, ഡയറക്ടർ, (എസ്.എ.യു.)

# Attendance of the 6th Governing Body Meeting of the MGNSASK

Chaired by: Shri.Vishwas Mehta.IAS, Additional Chief Secretary, Water Resource Development

Venue: Chamber of the Additional Chief Secretary, Water Resource Development

**Date &Time: 23/01/2019. 3.30 P.M.**

**LIST OF PARTICIPANTS**

| Sl.No. | Name | Designation | Signature |
|---|---|---|---|
| 1 | Dr. Vishwas mehta | ACS (WR) | [signature] |
| 2 | Chengara Surendran. ExMP | Member ✓ | [signature] |
| 3 | Jalaja S. | Asst. Director Social Justice Directorate | [signature] |
| 4 | S. Rajendran | Member ✓ | [signature] |
| 5 | P. Thankan. | Member ✓ | [signature] |
| 6 | Dr. N. Ramakanthan | Member | [signature] |
| 7 | C.K. Hareendran | Member ✓. MLA | [signature] |
| 8 | Amrida G.S | (Delegated) Programme Officer Kudumbashree. | [signature] |